പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6140 07.11.2016 ലെ മറുപടിയ്ക്ക്

**കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കാർഷികോത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നയപരമായ തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | തരിശായി കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും കണ്ടെത്തി കൃഷിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പലിശരഹിത വായ്പയടക്കം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന്, ഭക്ഷ്യ വിളകൾക്ക് കൂടുതൽ ഊന്നൽ നൽകി. സംയോജിത കൃഷി രീതി സാർവ്വത്രികമാക്കാനാണ് ലക്ഷ്യമിടുന്നത്. അടുത്ത 5 വർഷം കൊണ്ട് നെൽകൃഷി നിലവിലെ 2 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനും ജൈവ പച്ചക്കറി കൃഷി 50000 ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുവാനും ലക്ഷ്യമിടുന്നു. വിത്തു മുതൽ വിപണി വരെയുള്ള എല്ലാ സംവിധാനങ്ങളും സമന്വയിപ്പിച്ച് പരമാവധി ഉല്പാദനം കൈവരിക്കുവാനും മെച്ചപ്പെട്ട വിപണന സംവിധാനം കൊണ്ടുവന്ന് കർഷകന് പരമാവധി വരുമാനം ലഭ്യമാക്കി കൃഷി ലാഭകരമായ ഒരു സംരംഭമാക്കി മാറ്റുവാനും കർഷകനെ "ഒരു കാർഷിക സംരംഭകനായി" ഉയർത്തുവാനും ഉദ്ദേശിക്കുന്നു. |
| (സി) | കാർഷികോത്പാദന വർദ്ധനവിന്റെ കാര്യത്തിൽ സംസ്ഥാനം കൈവരിച്ച പുരോഗതി വെളിപ്പെടുത്തുമോ? | (സി) | ഏത്തവാഴ, മറ്റ് വാഴയിനങ്ങൾ, കുരുമുളക്, പൈനാപ്പിൾ, പപ്പായ, മരച്ചീനി, അടയ്ക്ക, എള്ള്, കൊക്കോ, ജാതിയ്ക്ക എന്നീ വിളകളിൽ ഗണ്യമായ ഉല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ